സിനിമ

ന്യൂ (2323244) :: **World Invasion battle of Los Angels** (E) (11.30,2.30,6.30, 9.30)
ശ്രീകുമാർ (2331222) :: **സിങ്കംപുലി** (T) (4 ഷോ)
ശ്രീ വിശാഖ് (2331222) :: **പയ്യൻസ്** (M) (11.30,2.30,6.30, 9.30)
ശ്രീപത്മനാഭ (2473999) :: **I am No. 4** (E) (11.40,2.30,6.30,9.30)
അജന്ത (2472825) :: **മേക്കപ്പ്മാൻ** (M) (4 ഷോ)
കൃപ (2471655) :: **പുതുമുഖങ്ങൾ** (M) (11.30, 2.30, 6.15, 9.30)
സെൻട്രൽ (2462865) :: **ഹലോ ഡാർലിംഗ്** (E) (11.30, 2.30, 6.30, 9.30)
കൈരളി (3013030) :: **റെയ്ഡ്** (M) (11.30, 2.30, 6.30, 9.30)
ശ്രീ (3013030) :: **ഗദ്ദാമ** (M) (11.30, 2.30, 6.30, 9.30)
ധന്യ (2476773) :: **ട്രാഫിക്** (11.30,2.30,6.30, 9.30)
രമ്യ (2476773) :: **ഇളൈഞ്ജൻ** (T) (11.15,2.30, 6.15, 9.30)
അതുല്യ (2475579) :: **സിദ്ധ+2** (T) (11.30,2.30, 6.30, 9.30)
അഞ്ജലി (2475579) : **മേരിക്കുണ്ടൊരു കുഞ്ഞാട്** (11.30,2.30,6.30,9.30)
ആതിര (2475579) :: **മല്ലിക** (H) (11.30,2.30,6.30, 9.30)
അശ്വതി (2475579) **കാവലൻ** (T) (11.30,2.30, 6.30, 9.30)
കലാഭവൻ :: **ഫ്രാഞ്ചിയേട്ടൻ ദി സെയിന്റ്** (M) (2.30,6.30,9.30
ശ്രീബാല (2478872) :: **മൻസുക്കുൾ മോഹം** (M)(4 ഷോ)
കഴക്കൂട്ടം കൃഷ്ണ (3251535) :: **Piana** (E) (11.30, 2.30,6.30,9.30)
വെട്ടുറോഡ് ഹരിശ്രീ (3256464) :: **അർജ്ജുനൻ സാക്ഷി** (M) (11.30, 2.30, 6.30, 9.30)
കഠിനംകുളം കാർത്തിക :: **അർജ്ജുനൻ സാക്ഷി** (T) (11.30, 2.30,6.30,9.30)
കഠിനംകുളം വി ട്രാക്സ് :: **സ്വന്തംഭാര്യ സിന്ദാബാദ്** (M) (11.30, 2.30,6.30,9.30)
ആറ്റിങ്ങൽ ഡ്രീംസ് (628997) :: **ചിരുത്തൈ** (T) (11.00) **ഗദ്ദാമ** (2.45,6.30,9.45)
ആറ്റിങ്ങൽ ഗംഗ (2629973) :: **മേക്കപ്പ്മാൻ** (M) (11.00, 2.30, 6.30, 9.30)
ആറ്റിങ്ങൽ യമുന (2629973) :: **സിദ്ധ + 2** (T) (11.30, 2.15, 6.45, 9.45)
ആറ്റിങ്ങൽ കാവേരി :: **ട്രാഫിക്** (M) (11.15, 2.30, 6.30, 9.30)
ആറ്റിങ്ങൽ വൈശാഖ് (9947766777) :: **മേരിക്കുണ്ടൊരു കുഞ്ഞാട്** (T) (4 ഷോ)
ആറ്റിങ്ങൽ തപസ്യ പാരഡൈസ് (3291113) :: **നാടകമേ ഉലകം** (11.15, 3.00,6.30,9.30)
ആറ്റിങ്ങൽ തപസ്യ (620920) :: **പുതുമുഖങ്ങൾ** (M) (11.00, 2.45, 6.30, 9.45)
ആറ്റിങ്ങൽ ഗൗരി :: **മല്ലിക** (H) (11.00,3.00, 6.30,9.30)
നെടുമങ്ങാട് സൂര്യ (2802223) :: **മേക്കപ്പ്മാൻ** (M) (11.00, 2.30,6.15, 9.30)
നെടുമങ്ങാട് ശക്തി (2813259) :: **വിരുതഗിരി IPS** (T) (11.00, 2.30, 6.30, 9.30)
നെടുമങ്ങാട് സരസ്വതി (2812571) :: **മേരിക്കുണ്ടൊരു കുഞ്ഞാട്** (T) (11.00,2.30,6.15,9.30)
നെടുമങ്ങാട് റാണി :: **പുതുമുഖങ്ങൾ** (M) (11.00, 2.30,6.15, 9.30)
പെരിങ്ങമ്മല അശ്വതി (2400394) :: **രക്ത ചരിത്ര** (T) (2.30,6.30,9.30)
വർക്കല എസ്. ആർ (2602339) :: **നാടകമേ ഉലകം** (M) (11.00,3.00,6.30,9.30)
വർക്കല വിമല (2605700) :: **മേക്കപ്പ്മാൻ** (M) (11.00,3.00,6.30,9.45)
വർക്കല സ്റ്റാർ സിനിമ (2602344) :: **ഗദ്ദാമ** (M) (11.30,2.30,6.30,9.30)
പോത്തൻകോട് ഹരികൃഷ്ണ :: **കാവലൻ** (T) (2.45,6.30,9.30)
പാറശ്ശാല പടന്താലുമൂട് ഐ.എം.പി :: **അൻവൻ** (T) (10.30, 2.30,6.30,9.30)
പോത്തൻകോട് എം. ടി സിനിമ :: **ബെസ്റ്റ് ആക്ടർ** (M) (2.45,6.30,9.45)
തിരുവല്ലം ശ്രീനാരായണ (2381270) :: **ബെസ്റ്റ് ആക്ടർ** (3 ഷോ)

ഇന്ന്

കെ.സി.വൈ.എം പുതിയതുറ യൂണിറ്റിന്റെ തീരദേശ ദുരന്തനിവാരണ സമിതി രൂപീകരണം സംസ്ഥാന തല ഉദ്ഘാടനം- പുതിയതുറ സെന്റ് നിക്കോളാസ് ചർച്ച് കമ്മ്യൂണിറ്റി ഹാളിൽ രാവിലെ 10ന്
വിദ്യാധിരാജ അക്ഷരശ്ലോക സമിതിയുടെ അക്ഷരശ്ലോക സദസ്സ്- കണ്ണമ്മൂല എൻ.എസ്.എസ് കരയോഗ മന്ദിരത്തിൽ വൈകിട്ട് 3ന്
കഴക്കൂട്ടം ഫാത്തിമമാതാ ഇടവകയിൽ വിശുദ്ധ ഔസേപ്പിന്റെ തിരുനാൾ തീർത്ഥാടന രജത ജൂബിലി സമാപന ആഘോഷം- തൃക്കൊടിയേറ്റ് വൈകിട്ട് 6.30ന്
വണ്ണാൻ സർവീസ് സൊസൈറ്റി സ്ഥാപക നേതാവ് ചെമ്പഴന്തി അപ്പുക്കുട്ടൻ അനുസ്മരണം ഉദ്ഘാടനം പി.കെ. രാമലിംഗം- ചാലക്കുഴി റോഡിലെ സജി മെഡിക്കൽസ് ഹാളിൽ രാവിലെ 10ന്
സ്വാതിതിരുനാൾ ത്രിമൂർത്തി സംഗീതോത്സവം ഡോ. കെ.എൻ. രാഗനാഥ ശർമ്മയുടെ സംഗീതക്കച്ചേരി കാർത്തികതിരുനാൾ തിയേറ്ററിൽ വൈകിട്ട് 6ന്
പഴവിള രമേശന്റെ പുസ്തക പ്രകാശനം മന്ത്രി ജി. സുധാകരൻ- ഹോട്ടൽ സൗത്ത് പാർക്ക് കോൺഫറൻസ് ഹാളിൽ വൈകിട്ട് 4ന്
ഡോ. എം. ശാർങ്ഗധരൻ, ഡോ. മിനിദേവി എന്നിവർ ചേർന്നെഴുതിയ പുസ്തകത്തിന്റെ പ്രകാശനം ഡോ. ബാബുപോൾ- പ്രസ് ക്ളബ് ഹാളിൽ വൈകിട്ട് 5.30ന്
ജി. ദേവരാജൻ ചരമദിനാചരണം ചിത്ര-ഫോട്ടോ പ്രദർശനം- മ്യൂസിയം ഓഡിറ്റോറിയത്തിൽ രാവിലെ 10ന്
ജി. ദേവരാജൻ സ്മൃതിസായാഹ്നം- വെള്ളയമ്പലം ദേവരാജൻ സ്കെയറിൽ വൈകിട്ട് 6ന്
സൗജന്യ കാൻസർ നിർണയക്യാമ്പും ബോധവത്കരണ ക്ളാസും- കുളത്തൂർ എച്ച്.എസ്.എൽ.പി സ്കൂളിൽ രാവിലെ 10ന്

സ്വാമി ദുർഗാനന്ദ സരസ്വതിയുടെ സ്മൃതിപഞ്ചാനയജ്ഞം- കിഴക്കേകോട്ട വ്യന്ദാവൻ ഗാർഡൻസിലെ തത്ത്വമസി ഹാളിൽ വൈകിട്ട് 5ന്
കുളത്തൂർ കോലത്തുകര മുണ്ടിച്ചൻവിളാകം ഭഗവതി ക്ഷേത്രത്തിലെ പ്രതിഷ്ഠാവാർഷികത്തോടനുബന്ധിച്ചുള്ള പൊതുയോഗം- ക്ഷേത്രത്തിൽ രാവിലെ 10ന്
മുട്ടത്തറ തുറയിൽ അന്നപൂർണേശ്വരി -ഭദ്രകാളി ക്ഷേത്രത്തിൽ പ്രതിഷ്ഠാവാർഷികവും പൊങ്കാല മഹോത്സവവും ഭാഗവത സപ്താഹ യജ്ഞവും- അവഭൃത സ്നാനം രാവിലെ 9.30ന്
കാഞ്ഞിരവിളാകം ദേവീക്ഷേത്രത്തിലെ വാർഷിക തൃക്കമഹോത്സവം. സർവവിഘ്നനിവാരണ പൂജ രാവിലെ 7.30ന്, റെയിൻബോ സ്കൂൾ ആൻഡ് ആർട്സ് അവതരിപ്പിക്കുന്ന നൃത്തനൃത്യം വൈകിട്ട് 5ന്
കാരയ്ക്കാമണ്ഡപം കുറ്റിപ്പാല ഭഗവതിക്ഷേത്രത്തിലെ പ്രതിഷ്ഠാവാർഷികവും കുംഭാഭിഷേകവും എഴുന്നള്ളത്ത് രാത്രി 8.45ന്, കഥകളി രാത്രി 9ന്
കരിക്കകം എറുമല അപ്പൂപ്പൻ ക്ഷേത്രത്തിലെ പുനഃപ്രതിഷ്ഠാ വാർഷികവും കൊടുതി മഹോത്സവവും -പൊങ്കാല വൈകിട്ട് 6ന്
ശ്രീകാര്യം ഇളംകുളം മഹാദേവക്ഷേത്രത്തിലെ മഹാശിവരാത്രിയും തൃക്കൊടിയേറ്റ് മഹോത്സവവും- പറയെടുപ്പ് രാവിലെ 8ന്
മരുതംകുഴി ഉദിയന്നൂർ ദേവീക്ഷേത്രത്തിൽ മൃഴുക്കാപ്പും പൂജയും വൈകിട്ട് 6ന്
ഉള്ളൂർ ബാലസുബ്രഹ്മണ്യ സ്വാമി ക്ഷേത്രോത്സവം-അഞ്ജലികൃഷ്ണയും സംഘവും അവതരിപ്പിക്കുന്ന നൃത്തസന്ധ്യ രാത്രി 7ന്
പേട്ട ശിവക്ഷേത്രത്തിലെ അഖണ്ഡനാമജപം രാവിലെ 6ന്
പോത്തൻകോട് ആനയ്ക്കോട് തമ്പുരാൻ ക്ഷേത്രത്തിലെ പുണർതം മഹോത്സവം -തൃക്കൊടിയേറ്റ് രാവിലെ 8ന്
അറ്റുകാൽ ഭഗവതിക്ഷേത്രത്തിലെ നിർമ്മാല്യ ദർശനം രാവിലെ 4.30ന്

കരിക്കകം ചാമുണ്ഡിക്ഷേത്രം: 6.10ന് ഗണപതിഹോമം, 8.30ന് പന്തിരടിപൂജ, 11.30ന് കലശാഭിഷേകം, 12.30ന് ഉച്ചപൂജ, വൈകിട്ട് 4.30ന് നടതുറക്കൽ, 7.45ന് പുഷ്പാഭിഷേകം

-മിനി സ്റ്റേജ്: രാവിലെ 7.30ന് ഓട്ടൻതുള്ളൽ, വൈകിട്ട് 4.30ന് ഭക്തിഗാനസുധ, രാത്രി 7.30ന് ക്ളാസിക്കൽ ഡാൻസ്
മെയിൻ സ്റ്റേജ്: വൈകിട്ട് 4.30ന് ഭക്തികീർത്തനങ്ങൾ, ക്ളാസിക്കൽ ഡാൻസ്, രാത്രി 7ന് പുല്ലാങ്കുഴൽ കച്ചേരി, 9.30ന് സ്റ്റാർനൈറ്റ് ഗാനമേള ആൻഡ് കോമഡി സ്കിറ്റ്.

ഖദറിന് ആദായവില, സ്ഥാനാർത്ഥിക്ക് 'പൊള്ളുന്ന' വില

ശ്രീകുമാർ പള്ളീലേത്ത്

തിരുവനന്തപുരം: അങ്കവും കാണാം താളിയും നുള്ളാം, അങ്കത്തട്ടിലെ പെണ്ണിനെയും കാണാം എന്നു പറഞ്ഞപോലെയായിരുന്നു ഇന്നലെ തലസ്ഥാനത്തെത്തിയ കോൺഗ്രസുകാരുടെ കാര്യം. സ്ഥാനാർത്ഥി നിർണയം സംബന്ധിച്ച് ഇന്ദിരാഭവനിൽ നടന്ന ചർച്ചയിൽ പങ്കെടുക്കാനാണ് സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ നിന്ന് നേതാക്കൾ എത്തിയത്. അതും പ്രധാന നേതാക്കൾ.

പുറമേ, സ്ഥാനാർത്ഥി മോഹികളായവർക്ക് ഉറച്ച പിന്തുണ നൽകാനും ഒക്കുന്നവരെ മുതുകുകൊണ്ട് തള്ളി സ്ഥാനാർത്ഥിപ്പട്ടികയിൽ ഉൾപ്പെടുത്താനുമൊക്കെ എത്തിയവർ. ഇവിടെയെത്തിയപ്പോഴാണ് തലസ്ഥാനത്ത് ആദായവിലയിൽ ഖദർ തുണിത്തരങ്ങൾ കിട്ടുമെന്ന കാര്യം പലരും അറിയുന്നത്. തിരഞ്ഞെടുപ്പു കാലമല്ലേ, ആദായവിലയുമല്ലേ- മാത്രവുമല്ല ഇനി യു.ഡി.എഫ് അധികാരത്തിൽ വന്നാൽ അഞ്ചുകൊല്ലം ദന്തഗോപുരങ്ങൾ കയറി ഇറങ്ങേണ്ടതുമല്ലേ- കുറെ ഖദർ തുണിത്തരങ്ങൾ വാങ്ങാൻ തന്നെ തീരുമാനിച്ചു പലരും.

ഇതിന്റെ ഗുണം കിട്ടിയത് തിരുവനന്തപുരം ഖാദി ഭണ്ഡാറിനും. 'ഞങ്ങളുടെ നാട്ടിൽ 500 രൂപയ്ക്ക് മുകളിൽ വരുന്ന മുണ്ടിന് ഇവിടെ 200 രൂപയിൽ താഴെമാത്രം' കോഴിക്കോട് കൊടുവള്ളിയിൽ നിന്നെത്തിയ കുഞ്ഞായിനും ഭരതൻമാസ്റ്ററും ഒരേ സ്വരത്തിൽ പറഞ്ഞു. കുഞ്ഞായിൻ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റും ഭരതൻമാസ്റ്റർ കോൺ. ബ്ളോക്കു പ്രസിഡന്റുമാണ്. തങ്ങളെപ്പോലെ മറ്റു പലരും നേരത്തേ തുണി വാങ്ങി സ്ഥലം വിട്ട കാര്യവും ഇവർതന്നെയാണ് പറഞ്ഞത്. കഴിഞ്ഞദിവസങ്ങളിൽ ഖാദി ബസാറിൽ തകർത്ത കച്ചവടമായിരുന്നു.

■

പ്രധാന മുന്നണികളും കക്ഷികളുമെല്ലാം ചുവരെഴുത്തിനു മതിലുകൾ ബുക്കുചെയ്തു കാത്തിരിക്കുകയാണ്. സ്ഥാനാർത്ഥി ആരെന്നും ചിഹ്നം ഏതെന്നും അറിഞ്ഞിട്ടു വേണം അതൊന്ന് എഴുതിച്ചേർക്കാൻ. എന്നാൽ മറ്റു പല കാര്യത്തിലുമെന്നപോലെ ഇവിടെ വ്യത്യസ്തരാവുകയാണ് എസ്.യു.സി.ഐക്കാർ. മതിലും റെഡി,സ്ഥാനാർത്ഥിയും റെഡി, എഴുത്തും റെഡി- ഇനി ചിഹ്നം ഏതെന്നു മാത്രം അറിഞ്ഞാൽ മതി, ഒന്നു വരച്ചുചേർക്കാൻ.

■

'വയറ്റിൽ കിടക്കുന്ന കൊച്ചിനു വരെ ഇൻഷുറൻസ്. ഇങ്ങനൊക്കെ ആരെങ്കിലും ചെയ്യുമോ? വരുന്ന തിരഞ്ഞെടുപ്പിലും ഇടതുമുന്നണി അധികാരത്തിൽ വരും' രാജാജി നഗറിലെ ചിക്കൻ ബിസിനസുകാരനായ ബാബുവിന് അക്കാര്യത്തിൽ സംശയമൊന്നുമില്ല. പക്ഷേ മുഖ്യമന്ത്രി ആരായിരിക്കുമെന്നു ചോദിച്ചാൽ കറകളഞ്ഞ പാർട്ടിക്കാരനായി മാറും ബാബു. 'അതൊക്കെ പാർട്ടി തീരുമാനിക്കും. രണ്ടു രൂപയ്ക്ക് അരി കൊടുക്കാൻ നോക്കിയപ്പോ അതിനു പാര വച്ചു. അതുകൊണ്ടൊന്നും ഒരു കുഴപ്പവുമില്ല, ഇനി വരുന്നതും ഇടതുതന്നെ.'

പക്ഷേ അവിടെ ഏറ്റുപിടിക്കാൻ ഓട്ടോ ഡ്രൈവർ സുരേന്ദ്രനുണ്ട്. 'വി.എസ്സിനെ മാറ്റിയാൽ വിവരം അറിയും. മൂപ്പിലുള്ളതുകൊണ്ടാ കാര്യങ്ങൾ ഇങ്ങനൊക്കെ പോകുന്നത്. ആവശ്യമായവർക്കെല്ലാം പെൻഷൻ ആനുകൂല്യം നൽകിയതും വലിയ കാര്യം തന്നെ.'

സെക്രട്ടേറിയറ്റിനു പരിസരത്തെ ബാറിന്റെ അരണ്ടവെളിച്ചത്തിൽ വെളിവില്ലാതെ നിൽക്കുന്ന ശിവനോട് ഒരു മദ്യപന്റെ അന്വേഷണം. ശിവന്റെ വോട്ട് ആർക്കെന്ന്. ഒട്ടും വൈകാതെ വന്നു മറുപടി 'ഒന്നാം തീയതിയിലുള്ള ഈ അവധിയൊന്നു മാറ്റണം, വേഗത്തിൽ തലപെരുക്കുന്ന വിലകുറഞ്ഞ സാധനം കിട്ടണം. കുടിയന്മാർക്കു വേണ്ടി പറ്റുമെങ്കിൽ ഇൻഷുറൻസും വേണം, വെറുതേയല്ലല്ലോ, കുടിച്ചു കാശുതരുന്നില്ലേ.'

കോഴിക്കോട്ടു നിന്നുള്ള കുഞ്ഞായിനും ഭരതൻ മാസ്റ്ററും ഖദർവസ്ത്രങ്ങളുമായി

ചുവരായി, സ്ഥാനാർത്ഥിയായി, ചിഹ്നം മാത്രമായില്ല. ആയുർവേദ കോളേജിനു മുന്നിലെ ദൃശ്യം

കരിക്കകം ചാമുണ്ഡിക്ഷേത്രത്തിൽ ഇന്നലെ രാവിലെ തൊഴാനെത്തിയ ഭക്തർ

കരിക്കകത്ത് ഉത്സവം തുടങ്ങി

തിരുവനന്തപുരം: കരിക്കകം ചാമുണ്ഡി ക്ഷേത്രത്തിലെ ഉത്സവപരിപാടികൾക്ക് തുടക്കമായി. ഇന്നലെ വൈകിട്ട് 5.15ന് ഗുരുപൂജ നടന്നു. വൈകിട്ട് 6നു ചേർന്ന സാംസ്കാരിക സമ്മേളനം മന്ത്രി എം.എ. ബേബി ഉദ്ഘാടനം ചെയ്തു. മന്ത്രി വി. സുരേന്ദ്രൻപിള്ള അദ്ധ്യക്ഷത വഹിച്ചു. താത്കാലിക സ്റ്റേജിന്റെ ഉദ്ഘാടനം മേയർ കെ. ചന്ദ്രിക നിർവഹിച്ചു. കലാസാംസ്കാരിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിച്ച പ്രശസ്ത വ്യക്തിക്കുള്ള കരിക്കകത്തമ്മ പുരസ്കാരം ഒ.എൻ.വി. കുറുപ്പിന് ചടങ്ങിൽ സമ്മാനിച്ചു. ഭാരതീയ വിചാരകേന്ദ്രം ഡയറക്ടർ പി. പരമേശ്വരൻ, ഡി.സി.സി പ്രസിഡന്റ് വി.എസ്. ശിവകുമാർ, ബി.ജെ.പി സംസ്ഥാന വൈസ് പ്രസിഡന്റ് ബി.കെ. ശേഖർ തുടങ്ങിയവർ സംബന്ധിച്ചു. തുടർന്നു കലാപരിപാടികളും നടന്നു.

അന്നു കേട്ടില്ല, ഇന്നെങ്ങനെയുണ്ട്?

തിരുവനന്തപുരം: അന്നേ പറഞ്ഞതാണ്. ഇത് ഗതാഗതക്കുരുക്കുണ്ടാക്കുമെന്ന്. കേട്ടില്ല. ഇപ്പോഴോ. വിമാനമിറങ്ങുമ്പോൾ ബൈപാസ് ഞെരിപിരികൊള്ളുന്നു. തലങ്ങും വിലങ്ങും വാഹനങ്ങൾ. എങ്ങോട്ട് പോകും. ഞെരുങ്ങി ഞെരുങ്ങി നിരങ്ങി നീങ്ങിയുള്ള യാത്ര.

പുതിയ ടെർമിനലിൽ വിമാനങ്ങൾ പറന്നിറങ്ങുകയും പൊങ്ങുകയും ചെയ്യുമ്പോൾ ബൈപാസിൽ ഇതാണവസ്ഥ. മുമ്പ് സുഖമായി വാഹനം ഓടിച്ചിരുന്ന ബൈപാസിൽ ഇപ്പോൾ വല്ലാത്ത കുരുക്ക്.

വാഹനങ്ങൾ പാർക്ക് ചെയ്യാൻ ടെർമിനലിൽ ഇഷ്ടംപോലെ സ്ഥലമുണ്ട്. പക്ഷേ, പാർക്കിംഗ് കൂലി കട്ടിയായതോടെ പലരും വാഹനങ്ങൾ റോഡിൽ തള്ളുകയാണ്. അങ്ങനെ ബൈപാസിന്റെ ഒരുവശം അനധികൃത പാർക്കിംഗായി. ഇതുകൂടിയായതോടെ കുരുക്കിന് ഒരന്തവുമില്ലാതായി.

വിമാനങ്ങളുടെ സമയമായ രാവിലെയും വൈകിട്ടുമാണ് അഴിയാക്കുരുക്കാവുന്നത്. ആ കുരുക്ക് ബൈപാസിനെ സ്തംഭിപ്പിക്കുകയാണ്.

ബൈപാസിലെയും ടെർമിനൽ റോഡിലെയും വാഹനങ്ങളുടെ നിര

മിനർവ ശിവാനന്ദൻ അനുസ്മരണം

തിരുവനന്തപുരം: മിനർവ ശിവാനന്ദന്റെ നാലാം ചരമവാർഷികത്തോടനുബന്ധിച്ച് അനുസ്മരണസമ്മേളനം ഈ മാസം 18ന് വൈകിട്ട് അഞ്ചിന് പ്രസ് ക്ളബ് ഹാളിൽ മന്ത്രി പി.കെ. ഗുരുദാസൻ ഉദ്ഘാടനം ചെയ്യും.

മന്ത്രി സി. ദിവാകരൻ മുഖ്യപ്രഭാഷണം നടത്തും. ആനത്തലവട്ടം ആനന്ദൻ എം.എൽ.എ, എ. സമ്പത്ത് എം.പി, സി.പി.എം ജില്ലാ സെക്രട്ടറി കടകംപള്ളി സുരേന്ദ്രൻ, ജി. മധുസൂദനൻ നായർ എന്നിവർ സംസാരിക്കും.

കടം കൊടുത്തില്ല; ഹെൽമറ്റുകൊണ്ട് തലയ്ക്കടിച്ചു

കണിയാപുരത്ത് ഇന്ന് വ്യാപാരി ഹർത്താൽ

കഴക്കൂട്ടം: സാധനം കടം കൊടുക്കാത്തതിന്റെ പേരിൽ സ്റ്റേഷനറി കടയിലെ ജീവനക്കാരന്റെ തല യുവാവ് ഹെൽമറ്റ് കൊണ്ടടിച്ച് പൊട്ടിച്ചു. കേരളകൗമുദി ഏജന്റ് എ.എ. ഹമീദിന്റെ കണിയാപുരത്തെ എൻ.എച്ച്. സ്റ്റോറിൽ ജോലിക്ക് നിന്ന കണിയാപുരം മലമേൽപറമ്പ് സ്വദേശി സലാ (50) മിനാണ് മർദ്ദനമേറ്റത്. ഗുരുതരമായി പരിക്കേറ്റ ഇദ്ദേഹത്തെ കഴക്കൂട്ടത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ വൈകിട്ട് നാലുമണിയോടെ കണിയാപുരം സ്വദേശി സഫിൻ (22) സാധനം കടം ചോദിച്ചപ്പോൾ തലേദിവസം വാങ്ങിയ സാധനത്തിന്റെ കാശ് തന്നാലേ ഇനിയും കടം തരാൻ പറ്റൂവെന്ന് പറഞ്ഞു. ഇതിനിടയിൽ സഫിൻ കടയിൽ നിന്ന് ബലാൽക്കാരമായി സാധനമെടുക്കാൻ ശ്രമിച്ചു. ഇതു തടഞ്ഞപ്പോൾ കൈവശമുണ്ടായിരുന്ന ഹെൽമറ്റ് കൊണ്ട് സലാമിന്റെ തലയ്ക്കടിക്കുകയായിരുന്നു. ഇതിനുശേഷം ത്രാസിന്റെ പടിയെടുത്ത് അടിക്കാൻ മുതിർന്നപ്പോൾ സമീപത്തെ കടക്കാർ ഓടിയെത്തി പിടിച്ചുവാങ്ങുകയായിരുന്നു. സഫിൻ ഒളിവിലാണ്.

സംഭവത്തിൽ പ്രതിഷേധിച്ച് ഇന്ന് കണിയാപുരത്ത് കടകളടച്ച് ഹർത്താൽ ആചരിക്കാൻ വ്യാപാരി വ്യവസായി ഏകോപന സമിതി തീരുമാനിച്ചു. വൈകിട്ട് പ്രതിഷേധ യോഗവും ചേരും.

കേരള സർവകലാശാല ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് വിരമിക്കുന്ന ഗവേഷണാചാര്യനും ഗ്രന്ഥകാരനുമായ ഡോ. എൻ. സാമിന്റെ യാത്ര അയപ്പു സമ്മേളനം പ്രസ് ക്ളബിൽ ഡോ. ഡി. ബെഞ്ചമിൻ ഉദ്ഘാടനം ചെയ്യുന്നു

എസ്.എൻ.ഡി.പി യോഗം തിരുവനന്തപുരം യൂണിയന്റെ ആഭിമുഖ്യത്തിൽ പേട്ട എസ്.എൻ.ഡി.പി ഹാളിൽ നടന്ന പ്രീമാര്യേജ് കോഴ്സിന്റെ ഉദ്ഘാടനം യോഗം അസിസ്റ്റന്റ് സെക്രട്ടറി എസ്. രഞ്ജിത്ത് നിർവഹിക്കുന്നു. യൂണിയൻ പ്രസിഡന്റ് കിളിമാനൂർ ചന്ദ്രബാബു, സെക്രട്ടറി സി.എസ്. സുജാതൻ, രാജേഷ് പൊൻമല, യോഗം ഡയറക്ടർ കുമാരപുരം രാജേഷ്, കൗൺസിലർമാരായ ജി.വി. ദാസ്, പാറോട്ടുകോണം പ്രഭാകരൻ, അമ്പലത്തറ മോഹൻദാസ്, അഡ്വ. ബിമൽ തുടങ്ങിയവർ പങ്കെടുത്തു